ഭരണഭാഷ-മാതൃഭാഷ

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695 004
ഫോൺ: 0471-2445749, 2445799
e-mail:dairydirector05@yahoo.co.in
dddtvm@gmail.com

നം.സി1/2855/14

തീയതി:02/11/2016

**സർക്കുലർ നം.18/2016**

വിഷയം:- ക്ഷീരവികസന വകുപ്പ്- പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച്.

സൂചന:- വയനാട് ഡെപ്യൂട്ടി ഡയറക്ടറുടെ 01/07/16-ലെ ബി/388/16 നം.കത്ത്.

പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാരുടെ ശമ്പളനിർണ്ണയം നടത്തുന്നത് സംബന്ധിച്ച് സംശയങ്ങൾക്ക് താഴെപറയും പ്രകാരം മാർഗ്ഗനിർദ്ദേശം നൽകുന്നു.

1) സംഘം ജീവനക്കാരുടെ ശമ്പളം നിർണ്ണയിക്കുമ്പോൾ പുതുക്കിയ ശമ്പളസ്കെയിലിന്റെ പരാമവധിയിൽ എത്തുന്നപക്ഷം ഖണ്ഡിക 10-ലെ Personal pay എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ നടപടി സ്വീകരിക്കേണ്ടതാണ്.

2) പേഴ്സണൽ പേ അടിസ്ഥാനശമ്പളം ക്ഷാമബത്ത, ഫിറ്റ്മെന്റ് ബെനിഫിറ്റ് എന്നിവയെല്ലാം ചേർത്താണ് ശമ്പളനിർണ്ണയം നടത്തേണ്ടത്.

3) ശമ്പളപരിഷ്കരണ തീയതിയ്ക്കുശേഷം (01/01/14) ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വാർഷിക കച്ചവടലാഭത്തിന്റെ 70% അധികരിക്കാത്ത വിധം മറ്റു ജീവനക്കാർക്ക് ലഭിക്കുന്ന നിരക്കിൽ 49% ക്ഷാമബത്തയും 01/01/14 മുതൽ അനുവദിച്ചിരിക്കുന്ന 10% നം 01/07/14 മുതലുള്ള 7% നം അപാകതയുണ്ടായിരിക്കുന്നതാണ്. തുടർന്നുള്ള DA രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള നിരക്കിൽ അനുവദിക്കേണ്ടതാണ്.

4) 01/01/14-ന് മുമ്പ് ജോലിയിൽ ഉണ്ടായിരുന്ന ജീവനക്കാർക്ക് കുറഞ്ഞത് 1000/-രൂപയുടെ എങ്കിലും വർദ്ധനവ് വരത്തക്കരീതിയിലാണ് ശമ്പളവർദ്ധനവ് നടത്തേണ്ടത്. 01/01/14 മുതൽ ജോലിയിൽ പ്രവേശിച്ചവർക്ക് സർക്കാർ ഉത്തരവിന് അനുസൃതമായി ശമ്പളം അനുവദിച്ചു നൽകണം. ഇവർക്ക് ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടാകുകയില്ല(Fixation).

5) കർഷകർക്ക് നൽകുന്ന പാൽ ഇൻസെന്റീവ്, അധിക പാൽ വില എന്നിവ ലാഭനഷ്ടകണക്കിൽ ആയിരിക്കണം ഉൾപ്പെടുത്തേണ്ടതാണ്.

6) സെക്ഷൻ 80 സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കൃത്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

രജിസ്ട്രാർ/ഡയറക്ടർ(i/c)

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

**പകർപ്പ്:**

1) ഈ ഓഫീസിലെ എല്ലാ ആഫീസർമാർക്കും
2) സി1/12555/16 നം.ഫയൽ
3) ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും സ്റ്റേറ്റ് ഫോഡർ ഫാം സൂപ്രണ്ടിനും
4) സി, ജി സെക്ഷൻ സൂപ്രണ്ടുമാർക്ക്
5) സിസ്റ്റം അഡ്മിനിസ്ട്രേറ്റർക്ക് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) സ്റ്റോക്ക് ഫയൽ